5102
28/12/12

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - ഖാദി/കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം - സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും പൊതുമേഖലാ/സഹകരണ മേഖലയിലെ ജീവനക്കാരും ബുധനാഴ്ച ദിവസം ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്ന അഭ്യർത്ഥന അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.( കൈയ്യെഴുത്ത്) നം.155/2012/വ്യവ. തീയതി, തിരുവനന്തപുരം, 27/12/2012.

---

പരാമർശം:- (1) 30/12/2006-ലെ വ്യവസായ (സി) വകുപ്പിന്റെ സ.ഉ.(എം.എസ്) നം.131/06/വ്യവ. നമ്പർ സർക്കാർ ഉത്തരവ്.

(2) 11/07/2008-ലെ വ്യവസായ (സി) വകുപ്പിന്റെ 2907/സി2/08/വ്യവ. നമ്പർ സർക്കുലർ.

(3) 20/07/2009-ലെ വ്യവസായ (സി) വകുപ്പിന്റെ സ.ഉ(കൈയെഴുത്ത്) 957/2009/വ്യവ. നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഭാരതത്തിന്റെ തനതായ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും, അതുല്യമായ കരവിരുതിന്റെയും ഉത്തമ ഉദാഹരണമാണ് ഖാദി/കൈത്തറി വസ്ത്രം. കാർഷിക വൃത്തി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണ് ഖാദി/കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണം. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഖാദി/കൈത്തറി വസ്ത്രധാരണം പ്രോത്സാഹിപ്പിക്കുകയും, ഇതിലൂടെ ദേശസ്നേഹവും, ആത്മാഭിമാനവും, സ്വാശ്രയത്വവും ഉയർത്തിക്കൊണ്ടു വരേണ്ടതിന്റെ ആവശ്യകത നമ്മുടെ രാഷ്ട്രപിതാവ് മാഹാത്മാഗാന്ധി അടക്കമുള്ള ജനനേതാക്കൾ സ്വാതന്ത്ര്യ സമരവേളയിൽതന്നെ നമ്മെ ബോധ്യപ്പെടുത്തിയിരുന്നു. എല്ലാറ്റിനുമുപരി ഖാദി/കൈത്തറി വസ്ത്രങ്ങൾ നെയ്യുന്ന പതിനായിരങ്ങളുടെ ജീവിതമാർഗ്ഗം സംരക്ഷിക്കപ്പെടുക എന്ന ലക്ഷ്യവും ഇതിനുണ്ടായിരുന്നു.

2. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ഖാദി/കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ ഭാഗമായി സർക്കാർ ജീവനക്കാർ വാരാന്ത്യങ്ങളിൽ (എല്ലാ ശനിയാഴ്ചകളിലും) കഴിവതും ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നത്. തുടക്കത്തിൽ ഇത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടുവെങ്കിലും കാലക്രമേണ ടി നിർദ്ദേശം തുടർന്നു പാലിക്കപ്പെടുന്നതിൽ പ്രകടമായ താൽപര്യമില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ആഴ്ചയിലൊരിക്കൽ ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല എന്നത് ജനപ്രതിനിധികൾ നിയമസഭയിലും ഉന്നയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് നിയമസഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

വാരാന്ത്യങ്ങളിലായതിനാൽ സർക്കാർ മേഖലയിലെ അദ്ധ്യാപകരടക്കമുള്ള ജീവനക്കാർക്ക് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുവാൻ കഴിയുന്നില്ല എന്ന വസ്തുതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ നമ്മുടെ പരമ്പരാഗതമേഖലയെ സംരക്ഷിക്കുന്നതിൽ പങ്കാളികളാകാൻ എല്ലാ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും, പൊതുമേഖല/സഹകരണ മേഖലയിലെ ജീവനക്കാരും 2013 പുതുവത്സരാരംഭം മുതൽ ആഴ്ചയിലൊരിക്കൽ (ബുധനാഴ്ച ദിവസം) ഖാദി/കൈത്തറി വസ്ത്രം ധരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. സോമസുന്ദരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
(ധനകാര്യം, ലെജിസ്ലേച്ചർ നിയമ വകുപ്പുകൾ ഉൾപ്പെടെ).
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികൾക്കും.
സഹകരണ സംഘം രജിസ്ട്രാർ.
സെക്രട്ടറി, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.
ഡയറക്ടർ, ക്ഷീരവികസന വകുപ്പ് .
ഡയറക്ടർ, കൈത്തറിയും വസ്ത്രവും.
ഡയറക്ടർ, ഫിഷറീസ് വകുപ്പ്.
ഡയറക്ടർ, കയർ വികസന വകുപ്പ്.

✓ഇൻഫർമേഷൻ & പി.ആർ.ഡി. വകുപ്പ് (വ്യാപകമായ പരസ്യത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറി.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.